കേരള സർക്കാർ

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2014-15, 2015-16

കേരള സംസ്ഥാന ഓഡിറ്റ് , കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ- കെ.എൽ.എം.ഡി ബി.514/2017

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി.12 /05/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്-2014-15, 2015-16, സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്തിരാജ് നിയമം.215(4-ാംവകുപ്പ്) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997

കേരളാ പഞ്ചായത്ത്
രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റൻറ് ഡെവലപ്പ്മെൻറ് കമ്മീഷണർ,കൊല്ലം.

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-ഡി ബി.514/2017 തീയതി, 12 /05/2017

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 15-7-15 മുതൽ 16-2-17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലി ക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.മിനി. എ. എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-2-17 മുതൽ 27-2-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : | | |
| | പേര് | ഉദ്യോഗപ്പേര് |

| | | |
|---|---|---|
| | ശ്രീ. ഐസക് ജോൺ, | ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.ജഗദീശ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശശിജോഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ജൂഡിറ്റ് വർഗീസ് | ഓഡിറ്റർ |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഇന്ദിരാദേവി | 01.04.14മുതൽ 31.10.15വരെ |
| | തത്ക്കാലഭരണസമിതി | 1.11.15മുതൽ 18.11.15വരെ |
| | ആർ.ദീപ | 19.11.15മുതൽ തുടരുന്നു. |
| സെക്രട്ടറി | ശ്രീ. കെ.രാജേന്ദ്രൻ | 01.04.15മുതൽ 31.03.15വരെ |
| | ശ്രീ.എം. അബ്ദുൾ ഖാദർ (ജോയിന്റ് ബി.ഡി.ഒ.- സെക്രട്ടറി ഇൻ ചാർജ്) | 01.04.15മുതൽ 24.05.15വരെ |
| | ശ്രീ.സി.രാധാകൃഷ്ണൻ | 25.05.15മുതൽ 09.02.16വരെ |
| | ശ്രീ.സനൽകുമാർ | 10.02.16മുതൽ 15.02.16വരെ |

| | | |
|---|---|---|
| | ശ്രീ.ശ്രീദേവി കെ.നമ്പൂതിരി | 16.02.16മുതൽ 31.03.16വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. കുളക്കട | ഡോ.അജിതാകുമാരി | 01.04.14മുതൽ 29.06.14വരെ |
| | ഡോ.രാഹുൽ | 30.06.14മുതൽ 31.03.16വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ഹേമകുമാർ | 01.04.14മുതൽ 1.03.16വരെ |
| വ്യവസായവികസന ഓഫീസർ | ശ്രീമതി.പി.ഓമനയമ്മ | 01.04.14മുതൽ 05.06.14വരെ |
| | ശ്രീ.ബിജു എം.എസ് | 05.06.14മുതൽ 31.03.16വരെ |
| ശിശുവികസനപദ്ധതി ഓഫീസർ | ശ്രീമതി.എ.സമ്മില | 01.04.14മുതൽ 05.08.14വരെ |
| | ശ്രീമതി നിഷാനായർ | 05.08.14മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ബീന എ | 24.05.14മുതൽ 31.03.16വരെ |
| പട്ടികജാതി വികസന | ശ്രീ.ദിലീപ് എസ് | 01.04.14മുതൽ |

| | | |
|---|---|---|
| ഓഫീസർ | | 31.03.16വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി.എം.സക്കീനത്ത് | 01.04.14മുതൽ 29.01.15വരെ |
| | ശ്രീമതി പുഷ്പജോസഫ് അഡീഷണൽ ചാർജ്ജ് | 30.1.15മുതൽ 01.02.15വരെ |
| | ശ്രീ.അനിൽകുമാർ | 02.02.15മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.സച്ചിൻ ഹക്ക് | 01.04.14മുതൽ 22.06.14വരെ |
| | ഡോ.രാഘവൻ പ്രീതാ നാരായണൻ | 23.06.14മുതൽ 31.03.16വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1.1 |
| 2 | വാർഷികധനകാര്യപത്രിക | 1.2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തികവിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |

| | | |
|---|---|---|
| 8 | തൻവർഷം ബ്ളോക്ക് പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ | 1.8 |
| 9 | കാഷ് ബാലൻസ് പരിശോധന | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ | 1.11 |
| | ഭാഗം 2 -ഇല്ല | |
| | ഭാഗം 3 | |
| 12 | സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ മരുന്ന് പൂർണമായും ലഭിച്ചില്ല | 3.1 |
| 13 | റോഡ് ടാറിംഗിൽ ആവശ്യത്തിൽ കൂടുതൽ അളവിൽ ടാർ ഉപയോഗിച്ചു | 3.2 |
| 14 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3.3 |
| 15 | ഫർണീച്ചർ വാങ്ങൽ - സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷൻ പാലിച്ചില്ല | 3.4 |
| 16 | ഐ.എ.വൈ. ഇ.എം.എസ് ഭവനപദ്ധതി | 3.5 |
| 17 | വാഴകൃഷി വനിതാഗ്രൂപ്പുകൾക്ക് അർഹമായ ആനുകൂല്യം പുരുഷ സ്വയം സഹായസംഘങ്ങൾക്ക് നല്കി | 3.6 |
| 18 | കറവപ്പശു വളർത്തൽ വരുമാന പരിധി ലംഘിച്ച് സബ്സിഡി | 3.7 |
| 19 | പുതുക്കിയ എസ്റ്റിമേറ്റ് ഹാജരാക്കിയില്ല | 3.8 |
| 20 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 3.9 |

| | | |
|---|---|---|
| | ഭാഗം 4 | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 26 | ഓഡിറ്റ് റിക്കവറി | 4.6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4.7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 |
| 30 | സാക്ഷ്യപത്രം(2014-15) | 4.10 |
| 31 | സാക്ഷ്യപത്രം(2015-16) | 4-11 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 19-03-2014 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 2015-16 വർഷത്തെ ബജറ്റ്18-03-2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

2014-2015

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ അറിയിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-15 | 30-07-15 | ഇല്ല | ഇല്ല |

2015-2016

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ അറിയിച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-16 | 20-07-16 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2014-2015

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| 2014-15 | 17/02/17 | കെ.എസ്.എ.കെ.എൽ.എം.<br>ഡി.ബി.514/17<br>തീ.17/2/17 |

നൃൂനതകൾ

1.നിക്ഷേപമായി ഉൾപ്പെടുത്തിയ തുകകളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
2.ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.ആയതിനാൽ ബി-11പ്രകാരമുള്ള ആസ്തികളുടെ മൂല്യം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2015-16

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | 21-2-17 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി.514/17<br>തീ.21-2-17 |

നൃൂനതകൾ

1.വികസന ഫണ്ട് ഗ്രാന്റ് വരവ് വാർഷിക ധനകാര്യപത്രിക, ട്രഷറി സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
2.ആസ്തി രജിസ്റ്ററിന്റെ അഭാവത്തിൽ ബി-11ഷെഡ്യൂൾപ്രകാരമുള്ള ആസ്തിമൂല്യം ബോധ്യപ്പെടാനായില്ല.
3.ബി.പി.എഫ്.എ3,4അക്കൗണ്ടുകൾ വാർഷിക ധനകാര്യപത്രിക,ട്രഷറിസ്റ്റേറ്റ്മെന്റ് എന്നിവയുമായിപൊരുത്തപ്പെടുന്നില്ല.
4.ഐ.എ.വൈ കേന്ദ്രവിഹിതം വരവ് ധനകാര്യപത്രികയിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.
5.നിക്ഷേപമായി ഉൾപ്പെടുത്തിയ തുകയുടെ ആധികാരികത വ്യക്തമല്ല.

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---:|
| മുന്നിരിപ്പ് | 49502042 |
| വരവ് | 137935866 |
| ആകെ | 187437908 |

| | |
|---|---|
| ചെലവ് | 139734359 |
| നീക്കിയിരിപ്പ് | 47703549 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 47703549 |
| വരവ് | 170867536 |
| ആകെ | 218571085 |
| ചെലവ് | 161408554 |
| നീക്കിയിരിപ്പ് | 57162531 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 31374 | 30907000 | 30938374 | 23904761 | 7033613 | |
| വികസനഫണ്ട് എസ്.സി.പി. | 45157 | 19084000 | 19129157 | 14710963 | 4418194 | |
| വികസനഫണ്ട് ടി.എസ്.പി. | 54000 | 64000 | 118000 | 118000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 00 | 00 | 00 | 00 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 66198000 | 66198000 | 1832713 | 64365287 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 00 | 00 | 00 | 00 | 00 | 00 |
| പെർഫോമൻസ് ഗ്രാന്റ് | 00 | 00 | 00 | 00 | 00 | 00 |
| ബി ഫണ്ട് | 0 | 769264 | 769264 | 769264 | 0 | |

2015-16

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7033613 | 33236339 | 40262455 | 35134126 | 5128329 | |
| വികസനഫണ്ട് എസ്.സി.പി. | 4418194 | 19084000 | 23502194 | 20653091 | 2849103 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 64000 | 64000 | 64000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 00 | 00 | 00 | 00 | 00 | 00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 64365287 | 4574000 | 356087 | 6666499 | 2687588 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 457688 | 457688 | 457688 | | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2014-15

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 75 | 125418120 | 50 | 78078527 | 24 | 1 | 66.66 |

2015-16

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | ക്കിയത് (എണ്ണം) | | ശതമാനം |
|---|---|---|---|---|---|---|
| 70 | 147554834 | 60 | 83648988 | 9 | 1 | 85.71 |

## 1-7 തനത് വരുമാനം

2014-15

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനം ഇല്ല

2015-16

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനം ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

2014-15, 2015-16 ൽ ബ്ലോക്ക് പഞ്ചായത്തിൽ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-02-17 3.30 p.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി .പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നും തന്നെ ഇല്ലായിരുന്നു എന്ന് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളുടെ പരിപാലനം ഏറെക്കുറെ തൃപ്തികരമാണ്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30-09-16 | 2015-16 സെക്കന്റ് ഫേസ് | 14-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15-02-2014 | 2008-09 to 2012-2013 | 28-03-2014 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സി.എച്ച് സി ക്ക് മരുന്നുവാങ്ങൽ -മരുന്ന് പൂർണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി നിർവഹണോദ്യോഗസ്ഥനായി 2015-16 ൽ നടപ്പിലാക്കിയ സി എച്ച് സിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്റ്റിനായി 12-01-16ലെ ബിൽ നം-1പ്രകാരം പിൻവലിച്ച 200000/-രൂപ(ഡി.ഡി.നം-038796/13.01.16)

കെ.എം.എസ്.സി.എല്ലിൽ ഒടുക്കിയെങ്കിലും നാളിതുവരെ 117136 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.ലഭിക്കാനുള്ള മരുന്നുകളുടെ തുകയായ 82864/- രൂപ തടസ്സപ്പെടുത്തുന്നു. ലഭിച്ച മരുന്നുകളുടെ വിശദാംശം താഴെ പറയുന്നു.

| ഇൻവോയ്സ് നം/<br>തീയതി | തുക |
|---|---|
| 4732/29.2.16 | 14794 |
| 2864/2.9.16 | 9537 |
| 2863/2.9.16 | 89770 |
| 3600/10.10.16 | 3035 |

ആകെ-117136/-രൂപ

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി 82864/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-2** റോഡ് ടാറിംഗ് പ്രവൃത്തിയിൽ ആവശ്യകതയിൽ കുറഞ്ഞ അളവിൽ ടാർ ഉപയോഗിച്ചു- നിലവാരം കുറഞ്ഞ പ്രവൃത്തി- നിരാകരിക്കുന്ന തുക-**2736/-**രൂ.

അസി.എക്സി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ, ചുവടെ ചേർക്കുന്ന റോഡ് ടാറിംഗ് പ്രവൃത്തിയിൽ, പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായതിലും കുറവ് അളവിലുള്ള ടാർ വാങ്ങിയതിന്റെ ബിൽ കൺവീനർ ഹാജരാക്കിയിട്ടുണ്ട്. ഉപയോഗിക്കാത്ത ടാറിന് വില നൽകിയത് ക്രമവിരുദ്ധമാണ്. കൂടാതെ, ആവശ്യകതയ്ക്കനുസരിച്ചുള്ള ടാർ ഉപയോഗിക്കാത്ത തിനാൽ പ്രവൃത്തിയുടെ നിലവാരം കുറഞ്ഞിട്ടുള്ളതായും ഓഡിറ്റ് വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. S-0025/16

പ്രോജക്ടിന്റെ പേര്-പി.എച്ച്.സി-മുകളുവിള കോളനി റോഡ് റീടാറിംഗ്.

അടങ്കൽ തുക- 500000/- ( Plan SCP)

കൺവീനർ- അനിൽകുമാർ.

എഗ്രി. നം/തീ- 12/14-15/AEE/LSGD/VT/31.10.2014

എം. ബുക്ക് നം.42/14-15

ആകെ പ്രവൃത്തിമൂല്യം- 468878/- രൂപ

(+) വാറ്റ് 5%- 23444

WF 1%- 4689
IT 1%-4689

28133/-

497011 /-(ബിൽ നം.14/15-16/30.6.2015)

(-)

വാറ്റ് 5%- 23444

WF 1%- 4689

IT 1%- 4689
32822/-

കൺവീനർക്ക് നൽകിയത് 464189/- രൂ. (ഡി.ഡി.നം.034830/1.7.2015)

=======

കൺവീനർ ഹാജരാക്കിയ ചെലവുരേഖകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂ) |
|---|---|---|
| 1 | ടാർ 13ബാരൽ | 91928 |
| 2 | എർത്ത് | 9000 |
| 3 | മെറ്റൽ | 256000 |
| 4 | ലേബർ ചാർജ്ജ് (മെറ്റലിംഗ്,ടാറിംഗ് ) | 146000 |
| | ആകെ | 502928 |

എസ്റ്റിമേറ്റ് ഇനം-9 (എം.ബുക്ക് പേജ് നം.18) പ്രകാരം, “Providing 20mm premixed chipping carpet over WBM surface” എന്ന പ്രവൃത്തി 745.38m2 ചെയ്യുതിന് 1772/10m2 നിരക്കിൽ 132081/- രൂ. നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ടാറിന്റെ അളവ് (29.1Kg/10m2)= 745.38X 2.91= 2169 Kg ആണ്.

പ്രസ്തുത പ്രവൃത്തിക്കായി സിഡ്കോയിൽ നിന്നും കൺവീനർ വാങ്ങിയ ടാറിന്റെ

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം/തീയതി | ടാറിന്റെ അളവ് | ടാറിന്റെ വില, ട്രാൻസ്പോർട്ടേഷൻ, സർവ്വീസ് ടാക്സ് ഇനങ്ങളിൽ ചെലവഴിച്ച തുക (രൂ) |
|---|---|---|---|
| 1 | 10608/16.5.2015 | 13 ബാരൽ @ 161.8Kg/ബാരൽ=2103.4 Kg | 91928 |

പ്രവൃത്തിക്ക് ആവശ്യമായ ടാർ = 2169 Kg

വാങ്ങി ഉപയോഗിച്ച ടാർ= 2103.4Kg

കുറവായി വാങ്ങിയ ടാർ =2169-2103.4= 65.6Kg

എസ്റ്റിമേറ്റ് നിരക്ക് (SOR-2012)പ്രകാരം ടാറിന്റെ കൺവേയൻസ് ഉൾപ്പടെയുള്ള വില രൂ. 41.712/Kg ആണ്.(വില-40.367 /Kg, കൺവേയൻസ്- 1.345/Kg)

ഉപയോഗിക്കാത്ത65.6Kg ടാറിന് 41.712/Kg നിരക്കിൽ അനുവദിച്ച് 2736/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ, ആവശ്യകതയ്ക്കനുസരിച്ചുള്ള ടാർ ഉപയോഗിക്കാത്തതിനാൽ പ്രവൃത്തിയുടെ നിലവാരം കുറഞ്ഞിട്ടുള്ളതിന് വിശദീകരണം നൽകേണ്ടതുമാണ്.

നിരാകരിച്ച തുക ഉത്തരവാദിയായ അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2015-16 സാമ്പത്തിക വർഷം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ പുത്തൂർ പ്രീമെട്രിക് ഹോസ്റ്റൽ ഇലക്ട്രിഫിക്കേഷൻ എന്ന പ്രോജക്റ്റിന് (പ്രോജക്റ്റ് നം-80/68-16) തനതുഫണ്ടിൽ നിന്നും 75000/-രൂപ വകയിരുത്തിയിട്ടുണ്ട്.
ചെക്ക് നം -0189736 തീയതി 15-3-16 പ്രകാരം വെട്ടിക്കവല എ.ഇ.ഇ ക്ക് 74510/-രൂപ നൽകി.എന്നാൽ ടി തുക ചിലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കി 74510/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

**3-4** <u>ഫർണീച്ചർ വാങ്ങൽ -സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനുകൾ പാലിക്കാതെയും അധിക നിരക്കുകൾ ഈടാക്കിയും ഫർണീച്ചർ വിതരണം ചെയ്തു.</u>

2014-15ൽ സെക്രട്ടറി നിർവഹണം നടത്തിയ ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 30.12.14ലെ ബിൽ നം-21 പ്രകാരം 323800/-രൂപ പിൻവലിച്ച് വിവിധയിനം ഫർണീച്ചറുകൾ സിഡ്കോയുടെ കൊല്ലം സെയിൽസ് എമ്പോറിയത്തിൽ നിന്ന് ടെൻഡർ കൂടാതെ വാങ്ങിയിട്ടുണ്ട്. എന്നാൽ ടെൻഡർ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങാവുന്ന ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷനുകളും നൽകാവുന്ന നിരക്കുകളും വ്യക്തമാക്കി സർക്കാർ പുറപ്പെടുവിച്ച 19-12-14ലെ ജി.ഒ.ആർ.റ്റി. നം-74/14/എസ്.പി.ഡി ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്പെസിഫിക്കേഷനിലുള്ള ഫർണീച്ചറുകൾ വിതരണം ചെയ്തതായും പ്രസ്തുത ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ അധിക നിരക്കുകൾ ഈടാക്കിയതായും കാണുന്നു. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | ഇനം | ഇൻ വോയ്സ് നം / തീ | എണ്ണം | ഈടാക്കിയ വില (ഒന്നിന്) | ഉത്തരവ് പ്രകാരം നിശ്ചയിച്ച വില | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | സ്റ്റീൽ ഫുൾ ആം ചെയർ സീറ്റ് | 0484/7.2.14<br>0332/25.10.14 | 5<br>14 | 2000<br>2000 | -<br>- | ഉത്തരവിൽ പ്രസ്തുത വിവരണ പ്രകാരം |

| | | | | | | |
|---|---|---|---|---|---|---|
| | &ബാക്ക് – സ്പെഷ്യൽ ടൈപ്പ് | | | | | കസേര ഉൾപ്പെടുത്തിയിട്ടില്ല. ഉത്തരവ് പ്രകാരം കസേരക്ക് നൽകാവുന്ന പരമാവധി വില 1431 രൂപയാണ് |
| 2 | കംമ്പ്യൂട്ടർ ടേബിൾ കീ ബോർഡ് ഓഫ് സൈസ് 3x1.5ഫുളി നോവാപ്പാഡ് | 0484/ 7.2.14 | 1 | 2800 | - | ഉത്തരവിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയിട്ടില്ല |
| 3 | കംമ്പ്യൂട്ടർ ചെയർ റിവോൾവിങ് കുഷൻഡ് സീറ്റ് &ബാക്ക് | 0484/7.2.14 | 1 | 2800 | - | ഉത്തരവിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയിട്ടില്ല |
| 4 | പ്ലാസ്റ്റിക് മോൾഡഡ് | 0332/25.10.14 | 51 | 550 | - | പ്ലാസ്റ്റിക് ഫർണീച്ചർ |

| | | | | | | |
|---|---|---|---|---|---|---|
| | ആം ചെയർ നീൽ കമൽ (റെഡ്) | | | | | ടെൻഡർ കൂടാതെ സിഡ്കോ യിൽനിന്ന് വാങ്ങാൻ വ്യവസ്ഥയില്ല |
| 5 | പ്ലാസ്റ്റിക് മോൾഡഡ് ആംലെസ്സ് ചെയർ | 0332/25-10-14 | 51 | 480 | - | ,, |
| 6 | സീറ്റ് ചെയർ കുഷ്യൻ സീറ്റ്&ബാക്ക് | 0332/25-10-14 | 15 | 3500 | - | ഉത്തരവിൽ പ്രസ്തുത ഇനം ഉൾപ്പെട്ടിട്ടില്ല. 28-5-15 ലെ ജി.ഒ ആർ (റ്റി)നം 26/15/ എസ്.പി.ഡി ഉത്തരവിൽ പോലും സ്റ്റീൽ വിസിറ്റേഴ്സ് ചെയർ വിത്ത് കുഷ്യൻ സീറ്റ് &ബാക്ക് എന്ന ഇനത്തിന് 3132/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ്രൂപയാണ് നിശ്ചയ ച്ചിരിക്കുന്നത് |
| 7 | ആഞ്ഞിലി വുഡ് ചെയർ കുഷ്യൻഡ് സീറ്റ്&ബാക്ക് | 0332/25-10-14 | 12 | 4857 | - | 18-12-14 ലെ ജി.ഒ. (ആർ.റ്റി.) 73/14 /എസ്.പി. ഡി ഉത്തരവ് പ്രകാരം എ.ഡബ്ല കുഷ്യൻ ചെയറിന് 4481/ -രൂപയാണ് നിശ്ചയി ച്ചിരിക്കുന്നത് |

പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തതായി കാണുന്നില്ല. മേൽസൂചന അപാകതകളിൽമേലുള്ള രേഖാമൂലമുള്ള വിശദീകരണം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (നം-5 /തീയതി 23/2/17) മറുപടി നൽകിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വവൽപ്രകാരം സിഡ്കോ നിർമ്മിക്കുന്ന

ഉപകരണങ്ങളാണ് ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങിക്കാവുന്നത്. സിഡ്കോയുടെ റേറ്റ് കോൺട്രാക്ടിലില്ലാത്ത സാധനങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഐ.എ.വൈ.ഇ.എം.എസ് ഭവന പദ്ധതി-ധനവിനിയോഗം വിശദീകരണം തേടുന്നു.

എ) ഐ.എ.വൈ പദ്ധതിക്കായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വിഹിതം നിക്ഷേപിച്ചിരുന്ന ഇന്ത്യൻ ബാങ്ക് ചെങ്ങമനാട് ശാഖയിലെ 718569507നം അക്കൗണ്ടിൽ നിന്നും നിക്ഷേപതുകകൾ മുഴുവൻ പിൻവലിച്ച് കാനറാബാങ്കിന്റെ കൊട്ടാരക്കര ശാഖയിൽ നിക്ഷേപിച്ചെങ്കിലും മേൽസൂചന അക്കൗണ്ടിൽ പലിശയിനത്തിൽ ക്രെഡിറ്റ് ചെയ്യപ്പെട്ട 183411രൂപ ശേഷിക്കുന്നുണ്ട്. പ്രസ്തുത തുകയുടെ തുടർവിനിയോഗത്തിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

ബി) ഐ.എ.വൈ ഭവനപദ്ധതിക്കായി സർക്കാർ നൽകേണ്ടിയിരുന്ന അധിക ധനസഹായത്തിനായി സഹകരണസ്ഥാപനങ്ങളിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എടുത്ത വായ്പയും പലിശയും തിരിച്ചടക്കുന്നതിലേക്ക് 26.3.16ലെ സ.ഉ.(സാധാ)1328/16 /തസ്വഭവ. ഉത്തരവിനെ ആധാരമാക്കി 12ലക്ഷം രൂപ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഐ.എ.വൈ.അധികധനസഹായത്തിന് വായ്പ നൽകിയ വെട്ടിക്കവല സർവീസ് സഹകരണബാങ്കിന്റെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല

സി) ഇ.എം.എസ്.ഭവനപദ്ധതിക്കായി വായ്പ നൽകിയ ചക്കുവരക്കൽ സർവീസ് സഹകരണബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട്നം-സി.എ/01) 31-3-11മുതൽ 11936/-രൂപ ശേഷിക്കുന്നു.പ്രസ്തുത തുകയുടെ വിനിയോഗത്തിന് നടപടികൾ സ്വീകരിച്ചില്ല. മേൽ സൂചനകളിൻ മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും ഐ.എ.വൈ പദ്ധതിക്കായുള്ള തുകകൾ നിക്ഷേപിക്കുന്നതിലേക്ക് നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങളും 31.3.16ൽ പ്രസ്തുത അക്കൗണ്ടുകളിൽ ശേഷിക്കുന്ന തുകകളുടെ വിവരങ്ങളും 2015-16സാമ്പത്തിക വർഷം വരെ ഭവനനിർമാണസഹായം കൈപ്പറ്റിയവരിൽ ഭവനനിർമാണം പൂർത്തിയാക്കുവാനായി ശേഷിക്കുന്നവരുടെ വിവരങ്ങളും ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-6/23-12-17)ന് അക്കൗണ്ടുകൾ ട്രാൻസഫർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്കിലേക്ക് ലഭ്യമാക്കിയിട്ടുള്ള 12 ലക്ഷം രൂപയുടെവിനിയോഗം സംബന്ധിച്ച് മതിയായ വിശദീകരണവുംരേഖകളും ഹാജരാക്കാത്തപക്ഷം ആയത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.ഐ.എ.വൈ പദ്ധതിക്ക് ഇന്ത്യൻ ബാങ്ക് ചെങ്ങമനാട് ശാഖയിൽ അവശേഷിക്കുന്ന183411/-രൂപയും ഇ.എം.എസ് ഭവനപദ്ധതിക്ക് ചക്കുവരക്കൽ സഹകരണബാങ്കിൽ അവശേഷിക്കുന്ന 11936/-രൂപയും അർഹമായ നിരക്കിൽ തുടർ വിനിയോഗം നടത്തേണ്ടതാണ്.

**3-6** <u>വാഴകൃഷി-വനിത ഗ്രൂപ്പുകൾക്ക് അർഹമായ ആനുകൂല്യം പുരുഷ സ്വയം സഹായ സംഘങ്ങൾക്ക് നൽകി-**41752/-**രൂപ നിരാകരിക്കുന്നു</u>

പ്രോജക്ട് നം-11/15(വനിതാ ഘടകം) പിൻവലിച്ച തുക-135694/-

വാഴവിത്തുകൾ, ജൈവവളം, രാസവളം എന്നിവ അർഹതപ്പെട്ട വനിതാ സ്വയം സഹായഗ്രൂപ്പുകൾ /കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ലഭ്യമാകുന്നതിന് രൂപീകരിച്ച പദ്ധതി പ്രകാരം 13 ഗ്രൂപ്പുകൾക്ക് 10438/- വീതം വികസന ഫണ്ടിൽനിന്നും ആകെ 135694/-രൂ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി നിർദേശങ്ങൾക്ക് വിരുദ്ധമായി 4 പുരുഷ സ്വയം സഹായ ഗ്രൂപ്പുകൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗ്രൂപ്പ് | തീരുമാനം | സാക്ഷ്യ പത്രം/തീരുമാനം | തുക | ഇ. പേയ്മെന്റ് | ബിൽ. നം |
|---|---|---|---|---|---|---|
| 1 | ഫ്രണ്ട്സ് പുരുഷ സ്വയം സഹായ ഗ്രൂപ്പ്, മൈലം രജി. നം6 ബി-1378/07 | ബ്ലോക്ക്. പഞ്ചായത്ത് കമ്മിറ്റിയുടെ 21.10.14 ജനറൽ കമ്മിറ്റി തീ.2 | ഗ്രാമസഭ ലിസ്ററിൽ ഉൾപ്പെട്ടതാണെന്ന് മൈലംഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 4/11/14ലെ സാക്ഷ്യപത്രം | 10438 | അക്കൗണ്ട് നം 67222637019 എസ്.ബി.റ്റി പട്ടാഴി | 02/14-15 തീ. 26-02-15 |
| 2 | നേതാജി പുരുഷ സ്വയം സഹായ ഗ്രൂപ്പ്, പള്ളിക്കൽ-രജി.നം6 6-B-1421/08 | ടി | ടി 4-11-14ലെ സാക്ഷ്യപത്രം | 10438 | അക്കൗണ്ട്നം 030081200802100 ജില്ലാ സഹകരണബാങ്ക് കൊട്ടാരക്കര | ടി |
| 3 | കൈരളി പുരുഷ സ്വയം സഹായ ഗ്രൂപ്പ് ചക്കു വരക്കൽ | ടി | വെട്ടിക്കവല ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗ്രാമസഭാ ലിസ്ററിൽ ഉൾപ്പെട്ടത്-സെക്രട്ടറിയുടെ | 10438 | 4965 എസ്.സി.ബി ചക്കുവരക്കൽ | ബിൽ നം03/14-15തീ 27/3/15 73066/- |

| | | | | | | |
|---|---|---|---|---|---|---|
| | ,കോക്കാട് | | 27-11-14ലെ എ2-01/14-10 നം കത്ത് ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട് | | | |
| 4 | ശ്രീവിനായക പുരുഷ സ്വയം സഹായ സംഘം, പെരുങ്കുളം ,കൊട്ടാരക്കര | ബ്ലോക്ക് പഞ്ചാ യത്ത് കമ്മിറ്റി യുടെ 14-01-15 ലെ 4-10 നം തീരുമാനം | ഗ്രാമസഭാ ലിസ്ററിൽ ഉൾപ്പെട്ടത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-3-15ലെ കെ5-178/15 നം കത്ത് | 10438 | 00810194232919000 സി.എസ്.ബി ,പുത്തൂർ | ബിൽനം-3 |
| | | | | | ആകെ | 41752 |

അർഹതാ മാനദണ്ഡങ്ങളിൽ നിന്ന് വ്യത്യസ്തമായി ആനുകൂല്യം അനുവദിച്ചതിലൂടെ 41752/- അധികം ചെലവായിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം-02/17-02-17) നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടേയും നിർവഹണ ഉദ്യോഗസ്ഥന്റെയും തെറ്റായ തീരുമാനങ്ങൾ മൂലമാണ് വികസന ഫണ്ട് ക്രമപ്രകാരം ചെലവഴിക്കാതിരുന്നത്. പദ്ധതി നിർവ്വഹണ വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച് സ്പഷ്ടീകരണമോ അനുമതിയോ നേടിയിട്ടുമില്ല. ആയതിനാൽ ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 കറവപ്പശു വളർത്തൽ -വരുമാന പരിധി ലംഘിച്ച് സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം29/15 നിർവഹണ ഉദ്യോഗസ്ഥൻ-ക്ഷീര വികസന ഓഫീസർ വികസന ഫണ്ട്-450000/- 5 വനിതകൾ വീതം ഉൾപ്പെട്ട ഒരു കുടുംബശ്രീ ഗ്രൂപ്പിന് 5 കറവപ്പശുക്കളെ വീതം വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ഇപ്രകാരം 6 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി. ഒരു പശുവിന് 15000/-രൂപ നിരക്കിൽ ഒരു ഗ്രൂപ്പിന് 75000/-വീതം ബാക്ക്എൻഡഡ് സബ്സിഡിയായി ബാങ്കുകളിലേക്കാണ് നൽകിയത്. 6 വനിതാഗ്രൂപ്പുകളെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 25-11-14ലെ 14-10നം തീരുമാനപ്രകാരമാണ് തിരഞ്ഞെടുത്തിട്ടുള്ളത്. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ പവിത്രം കുടുംബശ്രീ ഗ്രൂപ്പിലെ ഒരു ഗുണഭോക്താവ് ശ്രീമതി .കെ.സുമതിക്കുട്ടി w/o വിക്രമൻ പിള്ള.കെ ,രാഗം കരുവേലിൽപി.ഒ എന്നയാളുടെ ഫയൽ പരിശോധിച്ചതിൽ

ടിയാളുടെ റേഷൻകാർഡ് നം-1208025488പ്രകാരം ഭർത്താവ് പെൻഷനർ എന്നും പ്രതിവർഷ വരുമാനം 132000/-(11000X12) എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ടിയാളുകളുടെ വരുമാന സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല.സബ്സിഡി മാർഗരേഖ (ജി.ഒ.എം.എസ് )നം362/13/തസ്വസഭവ തീ.16.11.13) അനുസരിച്ച് കുടുംബവാർഷിക വരുമാനം 50000/-യിൽ കവിയാത്തവർക്കാണ് ആനുകൂല്യം നൽകുന്നത്.

ഇൻഡ്യൻബാങ്ക് കൈതക്കോട് ഗ്രൂപ്പിന് ആവശ്യമായ ലോൺ അനുവാദം നൽകിയതിനെ തുടർന്ന് ശ്രീമതി.സുമതിക്കുട്ടി അമ്മ ഉൾപ്പെടെ 5പേർക്കുള്ള സബ്സിഡി തുക 75000/-ബാങ്കിന് നൽകിയിട്ടുണ്ട്.(ബിൽ നം-01/14-15തീ.18-3-15 225000/-,ഡിഡി.നം 578545/18-3-15.എസ്.ബി.റ്റി കൊട്ടാരക്കര-75000/-)

ഗുണഭോക്താവിന്റെ അർഹത പരിശോധിക്കുന്നതിലെ അപാകത മൂലം അനർഹയായ ഗുണഭോക്താവിന് വേണ്ടി 15000/- വിനിയോഗിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു.ടിതുക ഗുണഭോക്താവിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഈവിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് അന്വേഷണ (നം-8/25-2-17)ത്തിന് മറുപടി നൽകിയിട്ടില്ല.

### **3-8** എഗ്രീഡ് ക്വാണ്ടിറ്റിയിൽ നിന്നും വ്യതിചലനം-പുതുക്കിയ എസ്റ്റിമേറ്റ് ഹാജരാക്കിയില്ല-തടസ്സപ്പെടുത്തുന്ന തുക-**22068/-**രൂ.

പ്രോജക്ട് നം. S-0068/16

പ്രോജക്ടിന്റെ പേര്-പ്രീമെട്രിക് ഹോസ്റ്റൽ ഇലക്ട്രിഫിക്കേഷൻ.

അടങ്കൽ തുക- 75000/- ( തനതുഫണ്ട്)

കരാറുകാരൻ- ശിവപ്രസാദ് (എസ്റ്റിമേറ്റ് നിരക്ക്)

എഗ്രി. നം/തീ- 25/AEE/LSGD/VTK/15-16/2.12.2015

എം. ബുക്ക് നം.59/15-16

ആകെ പ്രവൃത്തിമൂല്യം- 74510/- (ചെക്ക് നം. 0189736/15.3.2016)

(-)

വാറ്റ് 4%- 2980

WF 1%- 745

IT 1%- 745

-----------

കരാറുകാരന് നൽകിയത് 70040/- രൂ. (ഡി.ഡി.നം.040568/15.3.2016)

=======

പ്രസ്തുത പ്രവൃത്തിയുടെ ബിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് എഗ്രീഡ്

ക്വാണ്ടിറ്റിയിൽ നിന്നും വ്യതിചലിച്ച് കൂടിയ അളവിന് തുക നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ അളവിൽ മാറ്റം വരുത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അധിക അളവിന് തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | എസ്റ്റിമേറ്റ് ഇനം നം | വിവരണം | എഗ്രീഡ് ക്വാണ്ടിറ്റി | നിരക്ക് | അനുവദനീയമായ തുക | ചെയ്ത അളവ് | അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|
| 1 | 1-a | Single control light point with 6A, 3 plate ceiling rose | 3 Nos. | 807 | 2421 | 4 Nos. | 3228 | 807 |
| 2 | 1-b | Single control light point without ceiling rose | 2 Nos. | 771 | 1542 | 5 Nos. | 3855 | 2313 |
| 3 | 1-c | Single control ceiling fan point with 6A, 3 plate ceiling rose & with socket size stepped electronic regulator | 1 No. | 1153 | 1153 | 6 Nos. | 6918 | 5765 |
| 4 | 1-d | Combined plug point with 6A, 5 pin plug socket controlled by 6A switch in the same switch board as that of light points | 1 No. | 352 | 352 | 4 Nos. | 1408 | 1056 |
| 5 | 1-e | Independent plug point with 6A, 5 pin plug socket 9controlled by 6A switch in separate switch board as that of light points | 1 No. | 561 | 561 | 2 Nos. | 1122 | 561 |
| 6 | 4 | Supply,conveyance, installation,testing and commissioning of ceiling fans of 1200mm sizes using standard accessories excluding resistance type regulator, wiring the down rod with 16/0.20mm PVC sheathed 650/1100V grade 3 core round copper conductor flex wire or with extended original wiring etc. as required. | 2 Nos. | 1853 | 3706 | 7 Nos. | 12971 | 9265 |
| 7 | 5 | Supply and fixing angle/straight brass lined skirt type, bakelite batten holder with shade and giving connection etc. as required. | 6 Nos. | 137 | 822 | 8 Nos. | 1096 | 274 |
| 8 | 8-a | 20mm dia light gauge PVC Cenduit. | 62m | 82 | 5084 | 80 m | 6560 | 1476 |
| 9 | 10-c | 40W Electronic choke | 4 Nos. | 248 | 992 | 6 Nos. | 1488 | 496 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | 10-e | Fan condensor | 4 Nos. | 55 | 220 | 5 Nos. | 275 | 55 |
| ആകെ | | | | | | | 22068 | 22068 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/27.2.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ എസ്റ്റിമേറ്റിന്റെ അഭാവത്തിൽ, മേൽ സൂചിപ്പിച്ച ഇനങ്ങൾക്കായി അധികം ചെലവഴിച്ച 22068/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2014-15

വിവരം ലഭ്യമല്ല.

2015-16

വിവരം ലഭ്യമല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2014-15, 2015-16 വർഷത്തിൽ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2014-15 - ഇല്ല

2015-16 -ഇല്ല

### 4-4 വായ്പ/വായ്പതിരിച്ചടവ്

2014-15

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം തിരിച്ചടച്ച | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ .സമ്പൂർണ പദ്ധതിയുടെ വായ്പ | തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ് സ.ഉ (സാധാ) നം3568/2010/ തസ്വ.ഭ.വ തിരുവനന്തപുരം തീയതി.15/11/2010 | 7500000 | 5489873 | 750000 | 156250 | 4739873 |

2015-16

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ .സമ്പൂർണ പദ്ധതിയുടെ വായ്പ | തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ് സ.ഉ(സാധാ) നം3568/2010 | 7500000 | 4739873 | 950000 | 593750 | 3789873 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /തസ്വ.ഭ.വ<br>തിരുവനന്തപുരം<br>തീയതി.15/11/2010 | | | | | | |

**4-5** <u>സ്ഥിരനിക്ഷേപങ്ങൾ</u>

2014-15

ഇല്ല.

2015-16

ഇല്ല.

**4-6** <u>ഓഡിറ്റ് റിക്കവറി</u>

2014-15

ഇല്ല

2015-16

ഇല്ല

**4-7** <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം</u>

2014-15

ഇല്ല

2015-16

ഇല്ല

**4-8** <u>ഓഡിറ്റ് പ്രത്യവലോകനം</u>

2014-15

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 187437908 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139734359 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56752 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

2015-16

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 218571085 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 161408554 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2736 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 630331 |

((ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2014-15

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 41752/-രൂപ | അനിൽകുമാർ എ.ജി<br>അസി.ഡയറക്ടർ ,<br>കൃഷി വകുപ്പ് |
| 3-7 | | 15000/-രൂപ | ഹേമകുമാർ ,<br>ക്ഷീരവികസന ഓഫീസർ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2015-16

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2736 | ബീന<br>അസി.എക്സി.<br>എഞ്ചീനിയർ |

| | | | |
|---|---|---|---|
| 3-9 | | 40990 | സുനിൽ കുമാർ.കെ, എസ്.ഡി.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2014-15

ഇല്ലചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

2015-16

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 82864 | ഡോ.രാഹുൽ ,മെഡിക്കൽഓഫീസർ സി.എച്ച്.സി |
| 3-3 | 74510 | ബീന,അസി.എക്സി.എഞ്ചിനീയർ |
| 3-8 | 22068 | ബീന,അസി.എക്സി.എഞ്ചിനീയർ |
| 3-9 | 450889 | സുനിൽകുമാർ.കെ,<br>പട്ടികജാതി വികസന ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2014-15

ഇല്ല

2015-16

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2014-15

ഇല്ല

2015-16
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ എ.ജി അസി.ഡയറക്ടർ, കൃഷി വകുപ്പ് | ലഭ്യമല്ല. | കൈരളി,കൊട്ടാരക്കര |
| ഹേമകുമാർ, ക്ഷീര വികസന ഓഫീസർ | ലഭ്യമല്ല. | നന്ദനം,മോളിയൂർ, ബി.എസ്.എൻ.എൽ എക്സ്ചേഞ്ചിനു സമീപം,കാട്ടാക്കട |
| ബീന അസി എക്സി എഞ്ചിനീയർ | ലഭ്യമല്ല. | മൂലേക്കടയിൽ, ഇഞ്ചവിള, പെരിനാട് |
| ഡോ.രാഹുൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ലഭ്യമല്ല. | തട്ടത്തുകാലഹൗസ്, കുളക്കട പി.ഒ.കൊട്ടാരക്കര |
| സുനിൽകുമാർ.കെ, പട്ടികജാതി വികസന ഓഫീസർ | ലഭ്യമല്ല. | മുടിയിൽ താഴത്തിൽ, ആയികിണ്ണം, ശാസ്താംകോട്ട.പി.ഒ |

**4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFQ.DB-1316/01 dtd6-12-2001 | 4 |
| 1998-99 | LFQ.DB-1408/00DTD17/8/16 | 5 |
| 1999-2000 | LFQ.DB-281/09 DTD6/8/11 | 4 |
| 2000-2001 | LFQ-DB-282/09 DTD 2/03/09 | 2 |
| 2001-2002 | LFQDB-221/2009 DTD 10/2/2009 | 1 |
| 2002-2003 | LFQDB-221(1)/9 DTD10/02/2009 | 3 |
| 2003-2004 | LFQ DB347/08 DTD 7/10/2008 | 2 |
| 2004-2005 | LFQ DB1293/13 DTD 23/9/13 | 9 |
| 2005-2006 | LFQDB 1512/19 DTD 14/3/12 | 3 |
| 2006-2007 | LFQ DB 1513/2008 DTD 8/6/12 | 7 |
| 2007-2008 | LFQ DB /720/2010 DTD8/6/12 | 4 |
| 2008-2009 | LFQ DB /721/2010 DTD 8/6/12 | 5 |
| 2009-2010 | LF/4733/SP.CELL/CSC/B2/2613(1) DTD 23/9/15 | 5 |
| 2010-11&11-12 | LFQ DB/1518(1)/2014.8/7/14 | 5 |
| 2012-13&13-14 | KSAKLM-1598/15 DTD18.11.15 | 17 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## **4-10** ഓഡിറ്റ് സാക്ഷ്യപത്രം **(2014-15)**

നം.കെ.എസ്.എ.കെ.എൽ.എം.ഡിബി.514/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -12/05/2017

സാക്ഷ്യപത്രം 2014-2015

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാഓഡിറ്റ് കാര്യാലയം,കൊല്ലം.

## **4-11** ഓഡിറ്റ് സാക്ഷ്യപത്രം**(2015-16)**

നം.കെ.എസ്.എ.കെ.എൽ.എം.ഡിബി.514/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –12/05/2017

സാക്ഷ്യപത്രം 2015-2016

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

കൊല്ലം.